**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 32** **07-10-2024 - ൽ മറുപടിയ്ക്ക്**

**കേരള പി.എസ്.സി. മുഖേനയുള്ള നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 2016 -ലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2024 സെപ്റ്റംബർ 30 വരെ എത്ര ഉദ്യോഗാർത്ഥികൾക്ക് കേരള പി.എസ്.സി. മുഖേന നിയമന ശിപാർശ നൽകിയിട്ടുണ്ട്; | (എ) | 2024 ആഗസ്റ്റ് 31 വരെ ആകെ **2,56,526** ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. |
| (ബി) | ഒഴിവുകൾ യഥാസമയം പി.എസ്.സി. യെ അറിയിക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ബി) | ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് തന്നെ അവ ഇ-വേക്കൻസി സോഫ്റ്റ് വെയർ മുഖേന പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഒഴിവുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യുന്നത് പരിശോധിക്കുവാനും, റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുവാനും എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ